# കാൻസർ ബോധവൽക്കരണ ക്യാംപെയ്ന് തുടക്കം

ദുബായ്● സുലേഖ ആശുപത്രിയുടെ നേതൃത്വത്തിൽ ഗർഭാശയമുഖ കാൻസറിനെതിരെയുള്ള സ്മിയർ ഡോൺഡ് ഫിയർ ബോധവൽകരണ ക്യാംപെയ്ൻ ആരംഭിച്ചു. ദുബായ് ഹെൽത്ത് അതോറിറ്റി (ഡിഎച്ച്എ) ചെയർമാൻ ഹുമൈദ് അൽ ഖത്താമി ഉദ്ഘാടനം ചെയ്തു. സുലേഖ ആശുപത്രിയുടെ ദുബായ്, ഷാർജ കേന്ദ്രങ്ങളിൽ ഓഗസ്റ്റ് 31 വരെ സൗജന്യ കൺസൽറ്റേഷനും പാപ് ടെസ്റ്റും നടത്തും.

നേരത്തേ രോഗം കണ്ടെത്താനും ചികിൽസിക്കാനും തയാറാകണമെന്ന് ആവശ്യപ്പെട്ടാണു ക്യാംപെയ്ൻ. സാമൂഹിക പ്രതിബന്ധത പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്നാം വർഷമാണു സുലേഖ ആശുപത്രി ബോധവൽക്കരണം സംഘടിപ്പിക്കുന്നത്. ഇന്നാണു ദിവസം എന്നതാണ് ഈ വർഷത്തെ പ്രമേയം. ബോധവൽകരണമാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനമെന്നു ഹുമൈദ് അൽ ഖത്താമി പറഞ്ഞു.

ഡിഎച്ച്എ ഹെൽത്ത് റെഗുലേഷൻ ആൻഡ് ദുബായ് മെഡിക്കൽ ടൂറിസം പദ്ധതി ഡയറക്ടർ ഡോ. ലൈല മുഹമ്മദ് അൽ മർസൂഖി, ഇന്ത്യൻ എംബസി ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ നീത ഭൂഷൻ തുടങ്ങിയവർ പ്രസംഗിച്ചു.

യൂറോപ്യൻ കമ്മിഷൻ, ലോകാരോഗ്യ സംഘടന എന്നിവയുടെ പിന്തുണയുള്ള എച്ച്പിവി ഇൻഫർമേഷൻ സെന്ററിന്റെ കണക്കനുസരിച്ച് 18.2 ലക്ഷം സ്ത്രീകൾ യുഎഇയിൽ ഗർഭാശയമുഖ കാൻസർ ഭീഷണിയുടെ നിഴലിലാണ്. യുഎഇയിൽ ശരാശരി 93 വനിതകൾക്ക് ഒരു വർഷം ഗർഭാശയമുഖ കാൻസർ ഉണ്ടാകുന്നുണ്ടെന്നും രോഗം മാരകമാകുന്നവരുടെ എണ്ണം ശരാശരി 28 ആണെന്നും അധികൃതർ പറഞ്ഞു. എന്നാൽ, സ്ഥിരമായ പരിശോധന രോഗം തടയാൻ സഹായിക്കുമെന്ന് വിദഗ്ധർ അറിയിച്ചു. ലക്ഷണങ്ങൾ, പ്രശ്നങ്ങൾ, രോഗം തടയൽ തുടങ്ങിയവ സംബന്ധിച്ചാണു ബോധവൽകരണം നടത്തുന്നത്. സ്ത്രീകളിൽ കൂടുതൽ കണ്ടുവരുന്ന കാൻസറുകളിൽ രണ്ടാമതാണു ഗർഭാശയമുഖ കാൻസർ. എന്നാൽ, ആദ്യഘട്ടത്തിൽ കണ്ടെത്തിയ 92 ശതമാനത്തിലേറെ കേസുകളും ചികിൽസിച്ചു ഭേദമാക്കിയെന്നും അധികൃതർ അറിയിച്ചു. കുട്ടികൾക്കു പ്രതിരോധ കുത്തിവയ്പ് നൽകി മുൻകരുതൽ എടുക്കാനും കഴിയും.



സുലേഖ ആശുപത്രിയുടെ നേതൃത്വത്തിൽ ഗർഭാശയമുഖ കാൻസറിനെതിരെ നടത്തുന്ന സ്മിയർ ഡോൺഡ് ഫിയർ ബോധവൽകരണ ക്യാംപെയ്ൻ ഉദ്ഘാടനത്തിൽ ഡിഎച്ച്എ ചെയർമാൻ ഹുമൈദ് അൽ ഖത്താമി, സുലേഖ ഹോസ്പിറ്റൽസ് സ്ഥാപക ഡോ. സുലേഖ ദൌട് എന്നിവർ.